റാശിദുൽ ഗനൂശി



# ‘പത്തു വർഷത്തിനകം ഇസ്‌ലാമിക ലോകത്ത് വൻ മാറ്റമുണ്ടാകും’

**(പുതിയ ഹിജ്റ വർഷാരംഭത്തിൽ പ്രശസ്ത ഇസ്‌ലാമിക ചിന്തകനും തുനീഷ്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നായകനുമായ റാശിദുൽ ഗനൂശിയുമായി അൽ മുജ്തമഅ് വാരിക (24/02/2007) നടത്തിയ അഭിമുഖം)**

■ *ഇക്കഴിഞ്ഞ വർഷം ഇസ്‌ലാമിക സമൂഹം കടന്നുപോയ പ്രധാന സംഭവവികാസങ്ങൾ?*

▶ ദുരിതപൂർണമായിരുന്നു കഴിഞ്ഞ നാളുകൾ. ഇറാഖിൽ, ഫലസ്ത്വീനിൽ, അഫ്ഗാനിസ്താനിൽ, ചെച്നിയയിൽ, ബർമയിൽ........ ഇസ്‌ലാമിക ശരീരത്തിൽ ഒന്നിലധികം ഇടങ്ങളിൽ നിന്ന് രക്തപ്പുഴകളൊഴുകി. അറബ് മുസ്‌ലിം തടവറകൾ ഇസ്‌ലാമിക പ്രബോധകരാൽ തിങ്ങിനിറഞ്ഞു. ഒരു സംഘം മോചിതരാകുമ്പോഴേക്കും മറ്റനേകം സംഘങ്ങൾ ജയിലിലടക്കപ്പെടുന്ന, ഒരു പ്രസ്ഥാന പ്രവർത്തകൻ പുറത്തുകടക്കുമ്പോഴേക്കും മറ്റൊരു പ്രസ്ഥാനത്തിന്റെ അനുയായി അകത്താക്കപ്പെടുന്ന അവസ്ഥ. അന്താരാഷ്ട്ര തലത്തിൽ ഇസ്‌ലാമിനുനേരെ ആക്രമണങ്ങൾ നിരന്തരമായി. ഒരു എഴുത്തുകാരന്റെയോ കാർട്ടൂണിസ്റ്റിന്റെയോ ജൽപ്പനങ്ങളായി ഇതിനെ കാണാനാവില്ല. രാഷ്ട്ര നേതാക്കൾ പോലും ഇസ്‌ലാമിനെ ഫാഷിസമെന്നു വിളിച്ചു. പ്രമുഖ മതങ്ങളുടെ വക്താക്കൾ മുഹമ്മദ് നബിയെ അവഹേളിക്കാൻ ധൈര്യപ്പെട്ടു. നബി ഒരു നന്മയും കൊണ്ടുവന്നിട്ടില്ലെന്നും വാളുകൊണ്ടാണ് തന്റെ മതത്തെ പ്രചരിപ്പിച്ചതെന്നും ആവർത്തിച്ചുകൊണ്ടിരുന്നു. ഖേദകരമെന്നു പറയട്ടെ, ഈ ആക്രമണങ്ങളിൽ മുസ്‌ലിംകളെന്നു പറയുന്ന ചിലരും പങ്കുകൊണ്ടു. ഇസ്‌ലാമിക ലോകത്തു നിന്ന് തന്നെ ഹിജാബിന് വിലക്കുവന്നു; തുനീഷ്യയിൽനിന്ന്. ഈജിപ്തിലെ ചില മന്ത്രിമാരും ഹിജാബിനെതിരെ ശബ്ദിച്ചു.

മുസ്‌ലിം ന്യൂനപക്ഷങ്ങൾക്കാകട്ടെ, ഉപരോധിക്കപ്പെട്ടവരുടെ മനസ്സായിരുന്നു. ജനാധിപത്യ നാടുകളിലും അവരുടെ സ്ഥിതി ഭിന്നമായിരുന്നില്ല. ന്യൂനപക്ഷങ്ങളെ മാത്രം ലാക്കാക്കി അവരുടെ സ്വാതന്ത്ര്യം ഹനിക്കുന്ന ഒട്ടനവധി നിയമങ്ങൾ ആ നാടുകളിൽ പുറത്തുവന്നു.

മറുവശത്ത് കമ്യൂണിസത്തിനു പകരം ഇസ്‌ലാമിനെ ശത്രുവായിക്കണ്ട് ശീതയുദ്ധാനന്തരം തൊണ്ണൂറുകളിൽ അമേരിക്ക തുടങ്ങിവെച്ച പദ്ധതികൾ പരാജയമടയുന്നതിനും കഴിഞ്ഞ വർഷം സാക്ഷിയായി. ഇസ്‌ലാമിക ലോകത്തെ ആക്രമിച്ചുകൊണ്ട് ഈ പദ്ധതികൾക്ക് അമേരിക്ക തുടക്കം കുറിച്ചെങ്കിലും ഇന്നിപ്പോൾ ഇറാഖിൽ അവർ കനത്ത പരാജയം മുന്നിൽ കാണുകയാണ്. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അവസാനമായി ഈ സംഭവങ്ങളെ വിദഗ്ധർ വിലയിരുത്തുന്നുണ്ട്. അഫ്ഗാനിസ്താനിൽ സോവിയറ്റു സാമ്രാജ്യത്വത്തെ തകർത്ത ശേഷം ‘സാമ്രാജ്യത്വങ്ങളുടെ അന്തകനാണ്’ ഇസ്‌ലാമെന്ന് ഒരിക്കൽ കൂടി ചരിത്രം രേഖപ്പെടുത്തുകയാണ്.

രാഷ്ട്രീയതലത്തിൽ കഴിഞ്ഞ ഹിജ്റ വർഷം പല നേട്ടങ്ങളും ഇസ്‌ലാമിക സമൂഹത്തിന് കൈവരിക്കാനായി. മൗറിത്താനിയ, ബഹ്റൈൻ, കുവൈത്ത്, ഈജിപ്ത്, ഫലസ്ത്വീൻ തുടങ്ങിയ നാടുകളിൽ ഇസ്‌ലാമിക മുന്നേറ്റം വളരെ പ്രകടമായിരുന്നു. ഇന്ന്, പല സമൂഹങ്ങളും രാഷ്ട്രീയത്തെയും അധികാരത്തെയും സാമ്പത്തിക രംഗത്തെയും സംസ്കരിക്കാനുള്ള പ്രതീക്ഷയായി ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ കാണുന്നു. ഫലസ്ത്വീൻ മോചനം, ഉമ്മത്തിന്റെ ഐക്യം, പൂർവ പ്രതാപത്തിലേക്കുള്ള മടക്കം, രാഷ്ട്രീയത്തിന്റെ വിമലീകരണം തുടങ്ങിയ മുഖ്യവിഷയങ്ങളിലും ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ തന്നെയാണ് അവർ കാത്തിരിക്കുന്നത്.

■ *ഇസ്‌ലാമിക സമൂഹത്തിന്റെ ഈ പ്രതീക്ഷകൾ എന്ന് പൂവണിയും?*

▶ വരുന്ന പത്തു വർഷത്തിനുള്ളിൽ ഇസ്‌ലാമിക ലോകത്തിന്റെ ചിത്രം ശരിക്കും മാറുമെന്ന് ഞാൻ കരുതുന്നു, ഇൻശാ അല്ലാഹ്. അമിതമായ ശുഭാപ്തിയായി ഇതിനെ കാണരുത്. നിങ്ങൾ നോക്കൂ, ഓരോ തവണയും ഹജ്ജിനും ഉംറക്കുമായി എത്തുന്ന ആളുകളുടെ വർധനവ്, ഹിജാബുധാരിണികളുടെ ആധിക്യം, ഇസ്‌ലാമിക ഗ്രന്ഥങ്ങളുടെയും ജനങ്ങളെ ആകർഷിക്കുന്ന പ്രഭാഷണങ്ങളുടെയും പ്രചാരം, ഓരോ തെരഞ്ഞെടുപ്പിലും കൂടുതൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ / പാർട്ടികൾ. എല്ലാ തലങ്ങളിലും ഈ ജാഗരണം പ്രകടമാണ്. ഇസ്‌ലാമിക ലോകം മാറ്റത്തിന്റെ പാതയിലാണ്. ജനതതികൾ ഈ വിളവ് കൊയ്യുക തന്നെ ചെയ്യും.

■ *ഇറാഖിലെ സാഹചര്യം ഫലസ്ത്വീൻ പ്രശ്നത്തിൽ എങ്ങനെ പ്രതിഫലിക്കും?*

▶ ഇറാഖിലെ അമേരിക്കൻ പരാജയം ഫലസ്ത്വീൻ ജനതയുടെ മേലുള്ള അന്താരാഷ്ട്ര സമ്മർദം കുറച്ചിട്ടുണ്ട്. ഹമാസ് രൂപവൽക്കരിച്ച ജനാധിപത്യ ഭരണകൂടത്തെ വീഴ്ത്തണമെന്ന നിരന്തരാവശ്യം നിറുത്തിവെച്ചതും ഹമാസ് മുന്നോട്ടുവെച്ച ആഭ്യന്തര സഖ്യത്തിന് അനുമതി ലഭിച്ചതും ഇതിന്റെ പ്രതിഫലനമാണ്. അന്താരാഷ്ട്ര വ്യവസ്ഥയുടെയും സയണിസ്റ്റുകളുടെയും പിന്തുണയില്ലെങ്കിൽ കൂടി യൂറോപ്പിൽനിന്നുതന്നെ ഫലസ്ത്വീനിനുമേലുള്ള ഉപരോധം നീക്കണമെന്നും, സഖ്യഭരണകൂടത്തെ അംഗീകരിക്കണമെന്നും ആവശ്യമുയർന്നു തുടങ്ങിയി

ട്ടുണ്ട്.

■ *ഹമാസിന്റെ രാഷ്ട്രീയ പരീക്ഷണങ്ങൾ ഇസ്‌ലാമിക പ്രസ്ഥാനത്തിന് എന്താണ് നേടിത്തന്നത്?*

▶ ഒരു പാട് പാഠങ്ങൾ ഹമാസിന്റെ അനുഭവങ്ങളിൽനിന്നും പ്രസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. അതിലേറ്റവും പ്രധാനം, ചെറുത്തുനിൽപും രാഷ്ട്രീയ പ്രവർത്തനവും ഒരുമിച്ചുകൊണ്ട് പോവാനുള്ള സാധ്യത തുറന്നുവെന്നുള്ളതാണ്. ഒന്നുകിൽ ചെറുത്തുനിൽക്കുക, അങ്ങനെ രാഷ്ട്രീയ പ്രവർത്തനത്തിൽനിന്ന് വിട്ടുനിൽക്കുക, അല്ലെങ്കിൽ രാഷ്ട്രീയ പ്രവർത്തനം നടത്തുക, ചെറുത്തുനിൽപിൽനിന്ന് പിന്തിരിയുക. ഈ രണ്ടു ചോയ്സുകളേ ഫലസ്ത്വീനിലുള്ളൂവെന്നും ഇവ രണ്ടും ഒരുമിച്ച് ചേർക്കുക സാധ്യമല്ലെന്നുമാണ് പ്രചരിക്കപ്പെട്ടിരുന്നത്. പക്ഷേ, രാഷ്ട്രീയവും ചെറുത്തുനിൽപും ഒരുപോലെ സാധ്യമാണെന്ന് ഹമാസ് തെളിയിച്ചിരിക്കുന്നു. ചെറുത്തുനിൽപിലെന്ന പോലെ ആരോഗ്യ സാംസ്കാരിക സാമൂഹിക മേഖലകളിൽ ഫലസ്ത്വീൻ ജനതയെ സേവിക്കുന്നതിലും ഹമാസിന് തന്നെയാണ് ഇപ്പോഴും മുന്തിയ പങ്ക്. ഹമാസിന്റെ രാഷ്ട്രീയ വിജയത്തിൽ ഈ സേവനങ്ങൾക്ക് കാര്യമായ സ്വാധീനമുണ്ട്.

ഫലസ്ത്വീനിലെ ജിഹാദ്, മേഖലയിലെ ഒട്ടനേകം ജിഹാദ് വാദികളിൽനിന്നും വേറിട്ട് സഞ്ചരിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. സന്തുലിതമായ ഇസ്‌ലാമിക ഭൂമികയിലാണ് ഫലസ്ത്വീൻ ജിഹാദ്. വിശേഷിച്ചും, ഇസ്‌ലാമിന്റെ ജിഹാദ് സങ്കൽപത്തെ റാഞ്ചിയെടുത്ത്, അതിന്റെ പേരിൽ മുസ്‌ലിം രക്തം ചിന്തൽ അനുവദനീയമാണെന്നും അപരനെ കാഫിറാക്കൽ ജിഹാദിന്റെ അനിവാര്യതയാണെന്നും പ്രചരിപ്പിക്കപ്പെടുന്ന ഈ വേളയിൽ. ഹമാസിന്റെയും അൽജിഹാദുൽ ഇസ്‌ലാമിയുടെയും അനുഭവങ്ങൾ ജിഹാദിന്റെ സുന്ദരരൂപങ്ങൾ നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. ബഹുത്വത്തെയും വൈവിധ്യത്തെയും അംഗീകരിക്കുന്ന, ജനാധിപത്യത്തെ മാനിക്കുന്ന ഇസ്‌ലാമികതയിൽ നിന്നാണ് ഈ ജിഹാദ് ഊർജം സ്വീകരിക്കുന്നത്. ജിഹാദ് ജനാധിപത്യ വിരുദ്ധമാണെന്നും മധ്യമനിലപാടിനും സന്തുലിതത്വത്തിനും എതിരാണെന്നുമുള്ള നിലപാട് ഇസ്‌ലാമികത അംഗീകരിക്കുന്നില്ല. ഹമാസും അൽജിഹാദുൽ ഇസ്‌ലാമിയും കാണിച്ചുതന്ന സുപ്രധാന പാഠങ്ങളിലൊന്നാണിതും.

■ *വിപ്രവാസ ജീവിതത്തിലാണല്ലോ താങ്കൾ. എങ്കിലും തുനീഷ്യയുടെ സാമൂഹിക, രാഷ്ട്രീയ സാഹചര്യങ്ങളെ താങ്കൾ കൃത്യമായി വിലയിരുത്താറുണ്ട്. പ്രതിപക്ഷ കക്ഷികളെ ഒന്നടങ്കം ഞെരുക്കുന്ന ഭരണകൂട നിലപാടുകളെ താങ്കൾ എങ്ങനെ കാണുന്നു?*

▶ തീർത്തും ഒറ്റപ്പെട്ട രാഷ്ട്രീയാവസ്ഥകളിലൂടെയാണ് തുനീഷ്യ കടന്നുപോകുന്നത്. അൾജീരിയയിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നിയമാനുസൃതം പ്രവർത്തിക്കുകയും പാർലമെന്റിൽ പങ്കാളിത്തം വഹിക്കുകയും ചെയ്യുന്നു. മൊറോക്കോയിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളും അപ്രകാരം തന്നെ. പ്രവർത്തന സ്വാതന്ത്ര്യമുള്ള ജമാഅത്തുൽ അദ്‌ലി വൽ ഇഹ്സാൻ പോലുള്ള സംഘടനകൾ ഉദാഹരണം. ഏതോ തരത്തിലുള്ള ഒരു തുറസ്സ് ലിബിയയിൽ ഇഖ്വാനുൽ മുസ്‌ലിമൂന് ലഭിക്കുന്നുണ്ട്. അവരും ഭരണകൂടവും തമ്മിൽ സംവാദം നടക്കുന്നു. അധിക ഇഖ്വാൻ തടവുകാരെയും ഭരണകൂടം വിട്ടയച്ചിരിക്കുകയാണ്.

എന്നാൽ തുനീഷ്യയിൽ സ്വാതന്ത്ര്യാ(?)നന്തരം ഭരണ സാരഥ്യമേറ്റെടുത്ത സെക്കുലർ ഗ്യാങ്ങിൽനിന്ന് അനന്തരമായികിട്ടിയ തീവ്ര മതേതരവാദമാണ് ഭരണകൂടം അടിച്ചേൽപിക്കുന്നത്. തുനീഷ്യൻ ജനതയെ അവരുടെ ഇസ്‌ലാമിക ഐഡന്റിറ്റിയിൽനിന്നും ഉരിഞ്ഞുമാറ്റാനുള്ള തീവ്രശ്രമങ്ങളാണ് നടക്കുന്നത്. അതിനാൽ അധിനിവേശകാലത്തേക്കാൾ ഭീകരമായ ശത്രുതയാണ് സ്വാതന്ത്ര്യാനന്തരം തുനീഷ്യയിൽ ഇസ്‌ലാമിനോട് സ്വീകരിക്കുന്നത്. എന്നിരുന്നാലും തുനീഷ്യൻ ജനത ഒന്നിലധികം തവണ ഇസ്‌ലാമിനോടുള്ള തങ്ങളുടെ കൂറ് തെളിയിച്ചിട്ടുണ്ട്. പക്ഷേ, ഇസ്‌ലാമിനോടുള്ള പ്രതിബദ്ധത ഏറുംതോറും ഭരണകൂടം തങ്ങളുടെ നശീകരണ ശ്രമങ്ങൾക്ക് ആക്കം കൂട്ടുകയാണ് പതിവ്. തൊണ്ണൂറുകളിൽ മാത്രം മുപ്പതിനായിരത്തോളം രാഷ്ട്രീയ തടവുകാരുണ്ടായിരുന്നു അവിടെ. ഹിജാബിനും നമസ്കാരത്തിനും മാത്രമല്ല മുസ്ഹഫിനെതിരെപോലും അക്രമം അഴിച്ചുവിടുന്നിടത്തോളം എത്തിയിരിക്കുന്നു കാര്യങ്ങൾ. യഥാർഥത്തിൽ നീതിക്കും ഇസ്‌ലാമിക വ്യക്തിത്വത്തിനും വേണ്ടിയുള്ള നിരന്തര പോരാട്ടമാണ് രാഷ്ട്രരൂപീകരണം മുതൽ അവിടെ നടക്കുന്നത്.

■ *ഹിജാബിനെതിരെ യുദ്ധം തുടരുമ്പോഴും മതത്തെ മുറുകെ പിടിക്കുന്നതിന്റെ അടയാളങ്ങൾ തുനീഷ്യയിലെങ്ങും പ്രകടമാണല്ലോ? ഭരണകൂടം ഹിജാബിനെതിരെ തിരിയാൻ എന്താവാം കാരണം?*

▶ ഹിജാബ് ധരിക്കുന്നതുപോലും വിലക്കപ്പെട്ടതാണെന്ന രീതിയിൽ ഇസ്‌ലാമികതയുടെ ഉറവിടങ്ങൾ വന്ധീകരിക്കാനുള്ള ശ്രമങ്ങൾ ഊർജിതമായി നടക്കുമ്പോഴും തുനീഷ്യക്കാർക്കിടയിൽ മതപരമായ ഉണർവുണ്ടാവുകയാണ് ചെയ്തത്. നിറഞ്ഞ പള്ളികൾ, നിരത്തുകൾ മുഴുവൻ ഹിജാബ് ധാരിണികൾ ഇങ്ങനെ പലതും. ഈ മാറ്റങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിന് പകരം തനി രാഷ്ട്രീയമായി അതിനെ നേരിടാനാണ് ഭരണകൂടം ശ്രമിച്ചത്. ചില രാഷ്ട്രീയ പാർട്ടികളുടെ കൈകളാണ് ഈ മാറ്റങ്ങൾക്കു പിന്നിലെന്നും അവർ ധരിച്ചു. വാസ്തവത്തിൽ, ഒരു രാഷ്ട്രീയ പാർട്ടിയും ഇതിന് പിന്നിലുണ്ടായിരുന്നില്ലെന്ന് മാത്രമല്ല അവക്ക് പ്രവർത്തന സ്വാതന്ത്ര്യവും അനുവദിച്ചിരുന്നില്ല. ജനങ്ങളിൽ നിന്നുതന്നെ രൂപംകൊണ്ട ഒന്നായിരുന്നു ഈ പ്രതിഭാസങ്ങൾ.

ഇപ്പോൾ ഭരണകൂടം നടത്തുന്ന ഹിജാബിനെതിരെയുള്ള യുദ്ധം, ഭരണകൂടത്തിന്റെയും സമാന ഗതിക്കാരുടെയും തികഞ്ഞ പാപ്പരത്തത്തെയാണ് സൂചിപ്പിക്കുന്നത്. ഹിജാബ് ഒരു ഇബാദത്താണ്. എന്നാൽ സാംസ്കാരികമായി വീക്ഷിക്കുമ്പോൾ അതൊരു പ്രതീകമായി മാറുകയാണ്. ഇസ്‌ലാമിന്റെ ഉണർവിനെ സൂചിപ്പിക്കുന്ന / മതേതരത്വ പദ്ധതികളുടെ പരാജയത്തെ കുറിക്കുന്ന പ്രതീകം. അതിനാൽ ഹിജാബ് ധരിക്കൽ മതേതരത്വ വിശുദ്ധിയെ കാൽകീഴിൽ ചവിട്ടിമെതിക്കുന്നതിന് തുല്യമായി മതേതരർക്ക് അനുഭവപ്പെടും. സ്വാഭാവികമായും ഹിജാബ് നിരോധം മുഖ്യ അജണ്ടയായി മാറുന്നു.

**വിവ: അശ്റഫ് നീർക്കുന്നം**